# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *378 — 24.06.2019-ൽ മറുപടിയ്ക്ക്.

## ക്ഷീരവികസന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കഞ്ഞിരാമൻ<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീമതി യു. പ്രതിഭ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ഗുണനിലവാരമുള്ള പാലും പാലുൽപ്പന്നങ്ങളും ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം ലഭ്യമാക്കുന്നതിനും ക്ഷീരകർഷകർക്ക് പാലിന് ന്യായവില ലഭ്യമാക്കുന്നതിനും മിൽമ നടത്തി വരുന്ന പ്രവർത്തനങ്ങളുടെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ | (എ) ഒരു സഹകരണ സ്ഥാപനമെന്ന നിലയിൽ കേരള സഹകരണ ആക്ടിനും ചട്ടങ്ങൾക്കും വിധേയമായാണ് മിൽമ പ്രവർത്തിക്കുന്നത്. സ്റ്റേറ്റ് ഫെഡറേഷന്റേയും റീജിയണൽ യൂണിയനുകളുടേയും ഭരണസമിതിയിൽ സർക്കാർ പ്രതിനിധികളുണ്ട്. അതുകൊണ്ട് തന്നെ ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം ഗുണനിലവാരമുള്ള പാലും പാലുല്പന്നങ്ങളും ലഭ്യമാക്കുന്നതിനും പാലിന് കർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിനും മിൽമ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ കാര്യക്ഷമത ഉറപ്പാക്കുന്നുണ്ട്. ഇത് സംബന്ധിച്ചുള്ള പരാതി ഉണ്ടാകുന്ന അവസരത്തിൽ ആയത് പരിശോധിക്കുകയും കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിച്ച് കാര്യക്ഷമത ഉറപ്പാക്കി മുന്നോട്ട് പോകുകയും ചെയ്യുന്നുണ്ട്. പാൽവില വർദ്ധിപ്പിക്കുന്ന സന്ദർഭത്തിൽ അതിൽ ഭൂരിഭാഗവും കർഷകർക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പാക്കുന്നുണ്ട്. പാലിന് ഏറ്റവും ഉയർന്ന സംഭരണവില നൽകുന്ന സംസ്ഥാനമാണ് കേരളം.<br>കർശനമായ ഗുണനിലവാര നിയന്ത്രണങ്ങൾക്ക് ശേഷമാണ് മിൽമയും സഹകരണ സംഘങ്ങളും പാൽ സംഭരിക്കുന്നത്. സംഭരിക്കുന്ന പാൽ വിവിധ സംസ്കരണ പ്രക്രിയകളിലൂടെ പാലും പാലുല്പന്നങ്ങളുമായി വിപണിയിലെത്തിക്കുന്നതും കർശന ഗുണനിലവാര നിയന്ത്രണങ്ങൾക്ക് ശേഷമാണ്. മിൽമയുടെ എല്ലാ ഡയറികളും ISO സർട്ടിഫിക്കേഷൻ ഉള്ളവയാണ്. |
| (ബി) ഗുണമേന്മയുള്ള കാലിത്തീറ്റ ന്യായവിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (ബി) കാലിത്തീറ്റ ഗുണമേന്മ പരിശോധിക്കുന്നതിന് നിലവിൽ തിരുവനന്തപുരത്ത് NABL അക്രഡിറ്റേഷനോടു കൂടി ലാബ് പ്രവർത്തിക്കുന്നുണ്ട്. ഇതിൽ കാലിത്തീറ്റയിൽ അടങ്ങിയിരിക്കുന്ന ജലാംശത്തിന്റെ അളവ്, നാരിന്റെ അംശം, മാംസ്യം, മൊത്തം ദഹ്യപോഷകങ്ങൾ, കൊഴുപ്പിന്റെ അളവ്, യൂറിയ, അഫ്ലോടോക്സിൻ, കാൽസ്യം, ഫോസ്ഫറസ് എന്നീ ഘടകങ്ങൾ പരിശോധിക്കുന്നതിനുള്ള സൗകര്യം ഉണ്ട്. |

ക്ഷീരസംഘങ്ങളുടെ ആധുനികവത്കരണത്തിനായി പ്രധാനമായും ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

1. ക്ഷീരസംഘങ്ങളുടെ ആട്ടോമേഷൻ
2. ക്ഷീരസംഘങ്ങൾക്ക് FSSA, ISO സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള സഹായം.
3. ക്ഷീരസംഘങ്ങളുടെ ഭരണം, അക്കൗണ്ടിംഗ്, പാൽ സംഭരണം, വിപണനം എന്നിവയ്ക്കുള്ള സോഫ്റ്റ് വെയർ നിർമ്മാണം.
4. ക്ഷീരസംഘങ്ങൾക്ക് പാൽ സംഭരണം, സംസ്കരണം, ചില്ലിംഗ് പ്ലാന്റ് നിർമ്മാണം. ശീതികരണമുറി, കാറ്റിൽ ഫീഡ് പ്ലാന്റ് തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾക്കുള്ള ധനസഹായം.
5. ക്ഷീരസംഘങ്ങൾക്ക് മാലിന്യ നിർമ്മാർജ്ജന പ്ലാന്റ്, സൗരോർജ്ജ പാന്റ്, മഴവെള്ള സംഭരണി, സോളാർ വാട്ടർ ഹീറ്റർ പ്ലാന്റ് എന്നിവ നിർമ്മിക്കുന്നതിനുള്ള സഹായം
6. ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള സഹായം.
7. പാൽ സംഭരണ മുറി, ഗോഡൗൺ എന്നിവ നിർമ്മിക്കുന്നതിനുള്ള സഹായം.

ക്ഷീരസംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന് ത്രൈമാസ ഗുണനിലവാരം മെച്ചപ്പെടുത്തൽ യജ്ഞ പരിപാടി സംഘടിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി ക്ഷീരസംഘങ്ങൾ മുഖേന സംഭരിക്കുന്ന പാലിന്റെ ഖരപദാർത്ഥങ്ങളുടെ അളവ് വർദ്ധിപ്പിക്കുന്നതിനും, അമ്ലത 0.14 ൽ നില നിർത്തുന്നതിനും ബാക്ടീരിയൽ ലോഡ് കുറയ്ക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഇതിന്റെ ഫലമായി ഗുണമേന്മ കൂടിയ പാലിന് കർഷകർക്ക് ഉയർന്ന വില ലഭിക്കുന്നതിനും ഉപഭോക്താക്കൾക്ക് ശുദ്ധമായ പാൽ ലഭിക്കുന്നതിനുമുള്ള സാഹചര്യം സൃഷ്ടിക്കുന്നുണ്ട്.

സംഘത്തിൽ സംഭരിക്കുന്ന പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തി കർഷകർക്ക് ഉയർന്ന വില ലഭിക്കുന്നതിനായി സംഘങ്ങളിൽ എ.എം.സി യൂണിറ്റ് സ്ഥാപിച്ചും പൂർണ്ണ തോതിൽ ആട്ടോമേഷൻ നടത്തുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

കൂടാതെ പുതിയ ക്ഷീരസംഘങ്ങളുടെ രൂപീകരണത്തിനും, പ്രവർത്തനം നിലച്ച ക്ഷീരസംഘങ്ങളുടെ പുനരുദ്ധാരണത്തിനും സഹായം നൽകുന്നുണ്ട്. മിൽമയുടെ മിൽക്ക് റൂട്ട് ഇല്ലാത്ത ക്ഷീരസംഘങ്ങളിൽ നിന്നും പാൽ ബി.എം.സി.കളിൽ എത്തിക്കുന്നതിനുള്ള മിൽക്ക് ട്രാൻസ്പോർട്ടേഷൻ സഹായവും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന

| | | |
|---|---|---|
| | | ക്ഷീരസംഘങ്ങൾ മുഖേന വിപണനം നടത്തുന്ന വിവിധയിനം കാലിത്തീറ്റ സാമ്പിളുകൾ സ്റ്റേറ്റ് ഡയറി ലാബ് മുഖേന പരിശോധനയ്ക്ക് വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി സംസ്ഥാനത്ത് ആദ്യമായി നിയമ നിർമ്മാണം നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചു വരുന്നു. കാലിത്തീറ്റയുടെ ഗുണനിലവാര പരിശോധന കർശനമാക്കുന്നതിനുള്ള കരട് നിയമം തയ്യാറാക്കി ആയതിന്മേലുള്ള ചർച്ചകൾ ബന്ധപ്പെട്ട ഏജൻസികളുമായി നടന്നു വരികയാണ്.<br>കാലിത്തീറ്റ ഉൽപ്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നാണ് സംഭരിക്കുന്നത്. ഇത് കാലിത്തീറ്റയുട വില വർദ്ധവിന് ഇടയാക്കുന്നുണ്ട്. കാലിത്തീറ്റയുടെ വില അസംസ്കൃത വസ്തുക്കൾക്ക് ഉണ്ടാകുന്ന വില വർദ്ധനവിനനുസരിച്ചാണ് പുതുക്കി നിശ്ചയിക്കുന്നത്. പൊതുമേഖലാ സ്ഥാപനത്തിന്റെ കാലിത്തീറ്റ വില വിലനിർണ്ണയ സമിതിയാണ് നിശ്ചയിക്കുന്നത്. കർഷകർക്ക് അധികഭാരം പരമാവധി ഒഴിവാക്കത്തക്ക രീതിയിലാണ് വില നിർണ്ണയ സമിതി വില പുതുക്കി നിശ്ചയിക്കുന്നത്.<br>കാലിത്തീറ്റ വില വർദ്ധനവിൽ നിന്നും കർഷകർക്ക് ആശ്വാസം നൽകുന്നതിനായി ക്ഷീരവികസന വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ ഭൂരിപക്ഷം പഞ്ചായത്തുകളേയും ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് ഒരു ലിറ്റർ പാലിന് 4/- രൂപ വരെ ഇൻസെന്റീവ് നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്ന പദ്ധതിയും ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കി വരുന്നു.<br>മിൽമയുടെ മലബാർ യൂണിയൻ കാലിത്തീറ്റ സബ്സിഡിയായി 8.1 കോടി രൂപ 2018 ആഗസ്റ്റ് മുതൽ 2019 മെയ് 15 വരെ സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. തിരുവനന്തപുരം മേഖലാ യൂണിയൻ 2019 ഏപ്രിൽ വരെ വിതരണം ചെയ്ത കാലിത്തീറ്റ ചാക്കൊന്നിന് 100 രൂപ വീതം കാലിത്തീറ്റ സബ്സിഡിയായി നൽകി. ഫെഡറേഷൻ കഴിഞ്ഞ സാമ്പത്തിക വർഷം ഏകദേശം 7 കോടി രൂപ ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകുകയുണ്ടായി. |
| (സി) | പ്രാഥമിക ക്ഷീരസഹകരണസംഘങ്ങൾക്ക് ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും ആധുനീകരണത്തിനും നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്; | (സി) ക്ഷീരസംഘങ്ങൾക്ക് ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും ആധുനീകരണത്തിനും ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കി ക്ഷീരകർഷകർക്ക് മെച്ചപ്പെട്ട വിലയും ഗുണനിലവാരമുള്ള സർവീസും ലഭ്യമാക്കുന്നതിന് 2019-20 വർഷം 1550 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. |

ക്ഷീരസംഘങ്ങളിലെ ജീവനക്കാരെ സഹായിക്കുന്നതിനായി മാനേജീരിയൽ സബ്സിഡിയും നൽകുന്നുണ്ട്. മെച്ചപ്പെട്ട ക്ഷീരസംഘങ്ങളുടെ പ്രവർത്തനവും സർവീസും മറ്റ് സംഘങ്ങൾക്ക് മാതൃകയാക്കുന്നതിന് മികച്ച ക്ഷീര സംഘങ്ങൾക്ക് ഡോ.വർഗ്ഗീസ് കുര്യൻ അവാർഡും നൽകുന്നുണ്ട്.

ഇതിനുപുറമേ മിൽമയുടെ മേഖലാ യൂണിയനുകൾ പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾക്ക് ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും ആധുനീകരണത്തിനും ആയി വിവിധ പദ്ധതികൾ പ്രാവർത്തികമാക്കി വരുന്നു.

(ഡി) വാണിജ്യാടിസ്ഥാനത്തിലുള്ള ക്ഷീരവികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(ഡി) വാണിജ്യാടിസ്ഥാനത്തിലുള്ള ക്ഷീരവികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതിയുണ്ട്.

വാണിജ്യാടിസ്ഥാനത്തിനുള്ള ക്ഷീര വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് 5 പശു, 10 പശു, 5 കിടാരി, 10 കിടാരി എന്നിവ അടങ്ങിയ ഡയറി യൂണിറ്റുകൾക്ക് സഹായം നൽകുന്നുണ്ട്. ഇതിനായി യഥാക്രമം 1,77,000/- രൂപ, 3,66,000/- രൂപ, 98,800/- രൂപ, 1,96,400/- രൂപ ധനസഹായം നൽകുന്നുണ്ട്. ഈ പദ്ധതി മുഖേന ചാഫ് കട്ടർ, മിൽക്കിംഗ് മെഷീൻ എന്നിവ സ്ഥാപിക്കുന്നതിനും ശാസ്ത്രീയമായ കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനുമുള്ള സഹായവും നൽകുന്നു.

വാണിജ്യാടിസ്ഥാനത്തിനുള്ള ക്ഷീരവികസന പ്രവർത്തനങ്ങൾക്കായി തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിന് വനിത/പുരുഷ സ്വയം സഹായ സംഘങ്ങൾക്ക് തീറ്റപ്പുൽകൃഷി ചെയ്യുന്നതിനും സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിൽ തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി ചെയ്യുന്നതിനും സഹായം നൽകുന്നുണ്ട്.

പശുവളർത്തൽ, പാലുല്പന്ന നിർമ്മാണം, തീറ്റപ്പുൽകൃഷി എന്നീ വിഷയങ്ങളിൽ വകുപ്പിന്റെ പരിശീലന കേന്ദ്രങ്ങളിൽ വെച്ച് പുതുതായി ഈ മേഖലയിലേയ്ക്ക് കടന്നു വരുന്ന കർഷകർക്ക് സംരംഭകത്വ പരിശീലന പരിപാടിയും നടത്തിവരുന്നുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വിനിയോഗിച്ച് പുരുഷ സ്വയം സഹായ സംഘങ്ങൾക്കും, കുടുംബശ്രീ യൂണിറ്റുകൾക്കും ഗ്രൂപ്പ് അടിസ്ഥാനത്തിൽ കറവപശുക്കളെ വളർത്തുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**